ഉത്തരം

(എ) 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്നതിന്റെ ഭാഗമായി രാത്രി കാലങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവിൽ പറയുന്ന ഉപാധികൾ നടപ്പിലാക്കിക്കൊണ്ടും ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിക്കൊണ്ടും ഈ വിഷയം സംബന്ധിച്ചു നൽകിയിട്ടുള്ള ഉറപ്പ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ സർക്കാർ ആശുപത്രികളിൽ ഒന്നുംതന്നെ 24 മണിക്കൂർ പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

കട്ടനാട്ടിലെ ആശുപത്രികളിലെ ഉദ്യോഗസ്ഥ ഒഴിവുകൾ

104 (769) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലായി നിലവിൽ എത്ര ഉദ്യോഗസ്ഥരുടെ ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽനിന്നും ആർക്കൊക്കെ ഡെപ്യൂട്ടേഷൻ/ വർക്ക് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടനാട്ടിലെ താലൂക്ക് ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലായി നിലവിൽ 18 ഉദ്യോഗസ്ഥരുടെ ഒഴിവുണ്ട്.

(ബി) ചമ്പക്കുളം ആശുപത്രിയിലെ ഒരു സ്റ്റാഫ് നേഴ്സ് (ഗ്രേഡ് I) നും പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലെ രണ്ട് സ്റ്റാഫ് നേഴ്സ് (ഗ്രേഡ് I) മാർക്കും നേഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികയിലേയ്ക്ക് വർക്ക് അറേഞ്ച്മെന്റ് അനുവദിച്ചിട്ടുണ്ട്. കാവാലം പി.എച്ച്.സി.യിലെ ഒരു ക്ലാർക്കിന് പഞ്ചായത്ത് വകുപ്പിലേയ്ക്ക് ഡെപ്യൂട്ടേഷനും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly